# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1331 — 08.02.2013 ൽ - മറുപടിക്ക്

## റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സർക്കാരിന്റെ 10.12.2012 ലെ സ.ഉ. (എം.എസ്) നം. 39/12/ഭ.പൊ.വി.വ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീമതി നിവേദിത പി. ഹരൻ ഐ.എ.എസ്.നെ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും, റേഷൻ കടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (ബി) (സി) പൊതുവിതരണ രംഗം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന സാഹചര്യത്തിൽ റേഷൻ കടകൾ സുതാര്യമായും മാന്യമായും, പൊതുജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും, ഇവയിൽ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും, അതിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നുമുള്ള വിവരങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചത്. |
| (ഡി) ഇതു സംബന്ധിച്ച റിപ്പോർട്ട് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ